# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3170 — 10.05.2017 — ൽ മറുപടിക്ക്

## കുടുംബ റേഷൻ കാർഡിൽ നിന്നും ഒഴിവാക്കപ്പെട്ടവർക്ക് പുതിയ റേഷൻ കാർഡ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ്<br>ശ്രീ. മോൻസ് ജോസഫ് : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സ്ഥിരതാമസം മാറിയതിനെ തുടർന്ന്, കുടുംബ റേഷൻ കാർഡിൽ നിന്നും പേര് ഒഴിവാക്കപ്പെട്ട വ്യക്തികൾക്കും കുടുംബാംഗങ്ങൾക്കും പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടിക്രമങ്ങൾ പാലിയ്ക്കണമെന്ന് വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയം ഭരണ വകുപ്പ് നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, ഏതെങ്കിലും റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഉൾപ്പെട്ട റേഷൻ കാർഡിൽ നിന്നും പേര് നീക്കം ചെയ്ത് താലൂക്ക് സപ്ലൈ ഓഫീസറുടെ റിഡക്ഷൻ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഒരിടത്തും പേര് ഉൾപ്പെട്ടിട്ടില്ല എന്ന നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ് / സറണ്ടർ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസർ മുഖേന ലഭ്യമാകുന്ന വരുമാന സർട്ടിഫിക്കറ്റ്, ആധാർ വിവരങ്ങൾ, കുട്ടികൾ ഉണ്ടെങ്കിൽ അവരുടെ ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സഹിതം നിലവിൽ താമസിക്കുന്ന താലൂക്ക് പരിധിയിലുള്ള ടി.എസ്.ഒ/സി.ആർ.ഒ ഓഫീസിൽ അപേക്ഷ നൽകാവുന്നതാണ്. |
| (ബി) നിലവിൽ, പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ച് തുടങ്ങിയോ; വ്യക്തമാക്കാമോ; | (ബി) | ഇല്ല. പുതുക്കിയ റേഷൻ കാർഡ് വിതരണത്തിനു ശേഷം അപേക്ഷ നൽകാവുന്നതാണ്. |
| (സി) പുതിയ റേഷൻ കാർഡിന് അപേക്ഷിച്ചാൽ എത്രദിവസത്തിനുള്ളിൽ ലഭ്യമാകുമെന്ന് അറിയിക്കാമോ? | (സി) | അപേക്ഷ ലഭിക്കുന്ന അതേ ദിവസം തന്നെ റേഷൻ കാർഡ് നൽകാൻ കഴിയുന്ന വിധത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*